# INSTRUCTIONS

## കോളേജ് വിദ്യാഭ്യാസവകുപ്പ് 2013-14-ലെ സി.എച്ച്.മുഹമ്മദ്കോയ സ്കോളർഷിപ്പിന് (പുതിയത്) അപേക്ഷ ക്ഷണിക്കുന്നു.

കേരള സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അനുവദിച്ച് നൽകുന്നതും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വിഭാഗം മുഖേന വിതരണം ചെയ്യുന്നതുമായ സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് 2013-14 (പുതിയത്) അനുവദിക്കുന്നതിന് ( മുസ്ലിം ഗേൾസ് സ്കോളർഷിപ്പ് ) അപേക്ഷ ക്ഷണിക്കുന്നു.

കേരള സംസ്ഥാനത്തിലെ സ്ഥിരതാമസക്കാരായ മുസ്ലിം, ലത്തീൻ ക്രിസ്ത്യൻ, പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികളിൽ നിന്നും 2013-14 അദ്ധ്യയന വർഷത്തേക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി **30/10/2013** മുതൽ ഓൺലൈൻ ആയി അപേക്ഷ നൽകാവുന്നതാണ്. കേരളാ ഗവൺമെന്റ്, ഗവൺമെന്റ് എയ്ഡഡ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് ബിരുദ തലത്തിലോ, അതിലും ഉയർന്നതലത്തിലോ പഠിയ്ക്കുന്നവർക്കും പൊതുപ്രവേശന പരീക്ഷയെഴുതി സർക്കാർ വിഹിതമെന്ന നിലയിൽ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിയ്ക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവയുടെ എണ്ണവും, തുകയും ചുവടെ ചേർക്കുന്നു.

| കോഴ്സ് | സ്കോളർഷിപ്പുകളുടെ എണ്ണം. | അനുവദിയ്ക്കുന്ന പ്രതിവർഷ തുക |
|---|---|---|
| ബിരുദം | 3000 | 4,000/-രൂപ |
| ബിരുദാനന്തര ബിരുദം | 1000 | 5,000/-രൂപ |
| പ്രൊഫഷണൽ കോഴ്സ് | 1000 | 6,000/-രൂപ |
| ഹോസ്റ്റൽ സ്റ്റൈപ്പന്റ് | 2000 | 12,000/-രൂപ |

ആദ്യവർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ പോയവർക്കും ഇപ്പോൾ പഠിയ്ക്കുന്ന വർഷത്തേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഈ അപേക്ഷകർക്ക് മുൻകാല പ്രാബല്യം ലഭിയ്ക്കുന്നതല്ല. യോഗ്യതാ പരീക്ഷയിൽ 50% ൽ കുറയാത്ത മാർക്ക് ഉള്ളവർക്കും കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപയിൽ താഴെയുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

സർക്കാർ, യൂണിവേഴ്സിറ്റികൾ, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്, കുട്ടി പഠിക്കുന്ന സ്ഥാപനം എന്നിവ നടത്തുന്ന ഹോസ്റ്റലിൽ താമസിക്കുന്നവർക്കും സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാവുന്നതാണ്. മറ്റു വകുപ്പുകളിൽ നിന്നും ഹോസ്റ്റൽ ഫീസ് ലഭിക്കുന്നവർ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ പാടുള്ളതല്ല. അപേക്ഷകർക്ക് എസ്.ബി.റ്റി./എസ്.ബി.ഐ/ ഫെഡറൽ ബാങ്ക്/സൗത്ത് ഇൻഡ്യൻ ബാങ്ക് എന്നിവയിൽ ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

18 വയസ്സിനു മുൻപ് ബാങ്ക് അക്കൗണ്ട് (മൈനർ അക്കൗണ്ട്) തുടങ്ങിയവർ 18 വയസിനുശേഷം ബാങ്കുമായി ബന്ധപ്പെട്ട് മേജർ/അഡൽറ്റ് അക്കൗണ്ട് ആക്കി മാറ്റേണ്ടതാണ്. ഓൺലൈനായി അപേക്ഷിക്കുമ്പോൾ ബാങ്ക് അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in ൽ ലഭ്യമാണ്.

**1) അപേക്ഷിക്കേണ്ട രീതി :**

(1)www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ Muslim Girl's Scholarship (MGS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) Apply online- ൽക്ലിക്ക് ചെയ്യുക

3) മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.

4) അല്ലെങ്കിൽ New registration-ൽ ക്ലിക്ക് ചെയ്ത് submit Click ചെയ്യുക.

5) കുടുംബ വാർഷികവരുമാനം പൂരിപ്പിക്കുക

6) ഹോസ്റ്റലർ ആണോ എന്ന വിവരവും ആണെങ്കിൽ ഹോസ്റ്റൽ സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ളതാണോ എന്ന വിവരവും സെലക്ട് ചെയ്യുക.

7) സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിയ്ക്കുന്നവരാണെങ്കിൽ പ്രവേശനം മെരിറ്റ് സീറ്റിലാണോ എന്ന വിവരം സെലക്ട് ചെയ്യുക.

(8)Online-ലൂടെ അപേക്ഷ നൽകിയതിനുശേഷംView / Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൌട്ട് എടുത്തിരിക്കണം.

(9) രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട്, ഭാഗം 5 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

## 2) സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ:

1. അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്
2. എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര് , അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം.)
4. ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ.പി.ആർ.കാർഡിന്റെ പകർപ്പ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)
6. യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക്ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്.
7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്
8. വരുമാനസർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്ന് (അസ്സൽ)
9. ഹോസ്റ്റലർ ആണെങ്കിൽ വാർഡനിൽ നിന്നും വാങ്ങിയ സ്ഥാപനമേധാവി മേലൊപ്പ് വച്ചിട്ടുള്ള ഇൻമേറ്റ് സർട്ടിഫിക്കറ്റ്.
10. സ്വാശ്രയകോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾ ഗവൺമെന്റ് അലോട്ട്മെന്റ് മെമ്മോയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

## 3) സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്.

1) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈനായി സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്.( വെരിഫിക്കേഷൻ)

2) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. ( അപ്രൂവൽ)

3) വിദ്യാർത്ഥികൾ ഹാജരാക്കിയിരുന്ന വരുമാന സർട്ടിഫിക്കറ്റ് അസ്സൽ ആയിരിക്കണം

4) എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്.

5) വിദ്യാർത്ഥികൾ രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ ശരിയാണോ എന്നു പരിശോധിച്ച് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

6) വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകൾ വെരിഫൈ ചെയ്ത് അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവികൾ അതിന് ഉത്തവാദിയായിരിക്കും.

**4) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ:**

1) ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങൾ, അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീം ഇവ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

2)സ്വാശ്രയസ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ സ്ഥാപനമേധാവി നേരിട്ട് സ്കോളർഷിപ്പ് ഓഫീസിലേക്ക് നിശ്ചിത തീയതിക്കു മുമ്പ് എത്തിക്കേണ്ടതാണ്. **വിലാസം: സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം-33.**

**5) അവസാന തീയതികൾ :**

1. ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാനതീയതി: **29-11-2013**
2. ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തീയതി: **11-12-2013.**
3. സ്ഥാപന മേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി അപ്രൂവൽ നൽകേണ്ട തീയതി: **20-12-13.**
4. അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ കാര്യാലയത്തിൽ എത്തിക്കേണ്ട അവസാന തീയതി**: 31/12/2013**.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ